(സി) പുതുതായി അടച്ചുപൂട്ടിയ ബാറുകളിൽ എത്ര എണ്ണത്തിലാണ് ബീയർ& വൈൻ പാർലർ അനുവദിച്ചിട്ടുള്ളത് ;

(ഡി) മുൻപ് പ്രവർത്തിച്ചിരുന്ന ബാറിലെ തൊഴിലാളികൾക്ക് അവിടെ അനുവദിച്ചിട്ടുള്ള ബീയർ & വൈൻ പാർലറുകളിൽ തൊഴിൽ നൽകുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ഇ) എങ്കിൽ എത്ര തൊഴിലാളികൾക്കാണ് നഷ്ടപ്പെട്ട തൊഴിൽ തിരിച്ചു കിട്ടിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പുതിയ എക്സൈസ് നയത്തിന്റെ ഭാഗമായി 710 ബാറുകൾ അടച്ചു പൂട്ടുകയുണ്ടായി.

(ബി) ഇപ്പോൾ 27 ബാറുകളാണ് പ്രവർത്തിച്ചുവരുന്നത്.

(സി) അടച്ചുപൂട്ടിയ ബാറുകളിൽ 674 എണ്ണത്തിനാണ് ബീയർ & വൈൻ പാർലർ അനുവദിച്ചിട്ടുള്ളത്.

(ഡി) 31-3-2014-ൽ ജോലി ചെയ്തിരുന്ന തൊഴിലാളികൾക്കെല്ലാം തന്നെ ജോലി നൽകാമെന്ന ലൈസൻസികളുടെ ഉറപ്പിന്മേലാണ് അടച്ചുപൂട്ടിയ ബാർ ഹോട്ടലുകളിൽ ബീയർ & വൈൻ പാർലർ ലൈസൻസുകൾ അനുവദിച്ചു നൽകിയിട്ടുള്ളത്.

(ഇ) 9256 തൊഴിലാളികൾക്ക് തൊഴിൽ തിരികെ ലഭിച്ചിട്ടുണ്ട്.

സുബോധം പദ്ധതി

98 (2917) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പ് സുബോധം പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ലഹരിവിരുദ്ധ ബോധവൽക്കരണത്തിന് എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിവഴി നടപ്പാക്കിയിട്ടുള്ളത് ;

(ഡി) പദ്ധതി നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട് ?

ഉത്തരം

(എ) പുനർജനി 2030-ന്റെ ഭാഗമായി ലഹരിവിമുക്തകേരളം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി 'സുബോധം' എന്ന പേരിൽ ഒരു പദ്ധതി നടപ്പാക്കുന്നതിനായി 27-4-2015-ലെ ജി.ഒ.(എം.എസ്.) നമ്പർ 73/2015/നി.വ. നമ്പർ ഉത്തരവ് പ്രകാരം ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്.

(ബി) സർക്കാർ പ്രഖ്യാപിത മദ്യനയത്തിന്റെ അന്തഃസത്ത പൂർത്തീകരിക്കുന്നതിനും മദ്യരഹിത കേരളം എന്ന മഹത്തായ ലക്ഷ്യം 10 വർഷത്തിനുള്ളിൽ കൈവരിക്കുക എന്ന ഉദ്ദേശത്തോടുകൂടി ബൃഹത്തായ ബോധവത്കരണ പരിപാടികളിലൂടെ ഒരു വർഷംകൊണ്ട് മദ്യത്തിനടിമപ്പെട്ട ഒരു ലക്ഷം പേരെ മദ്യത്തിൽ നിന്നും ലഹരിയിൽനിന്നും വിമുക്തരാക്കാൻവേണ്ടി സംസ്ഥാന സർക്കാർ വിഭാവനം ചെയ്ത പദ്ധതിയാണ് 'സുബോധം'. മദ്യത്തിന്റെ ആവശ്യകത കുറയ്ക്കുക (Demand Reduction) അതിന്റെ ദുരിത ലഘൂകരണം (Harm Reduction) ശാസ്ത്രീയമായ പഠനം (Research, Monitoring) എന്നതിൽ ഊന്നിയാണ് സുബോധത്തിന്റെ കാര്യപരിപാടികൾ നടപ്പിലാക്കുക.

(സി) സുബോധത്തിന്റെ ആദ്യത്തെ Apex committee meeting 2015 ജൂൺ 6-ാം തീയതി ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്ത് യോഗം ചേരുകയും വിശദമായ കർമ്മപരിപാടി തയ്യാറാക്കുകയും ചെയ്തു. 'Faith in action' എന്ന പേരിൽ UNICEF ഉം Art of Living-മായി സഹകരിച്ച് മതമേലദ്ധ്യക്ഷൻമാരുടെ ഏകദിന ശില്പശാല കൊച്ചിയിൽ സംഘടിപ്പിച്ചു മലയാള മനോരമയുമായി സഹകരിച്ച് കൊച്ചിയിൽ അന്താരാഷ്ട്ര ലഹരിവിരുദ്ധ ദിനത്തിൽ ഒരു ആശയകൂട്ടായ്മയും സംഘടിപ്പിച്ചു മാതൃഭൂമിയും ഗൃഹലക്ഷ്മി വേദിയുമായി സഹകരിച്ച് ഏകദിന സെമിനാർ കൊല്ലത്ത് നടത്തി. കേരളത്തിലെ അച്ചടി ദൃശ്യ ശ്രവ്യ മാധ്യമ എഡിറ്റർമാരുടെ യോഗം 2015 ജൂലൈ 6-ന് തിരുവനന്തപുരത്ത് സംഘടിപ്പിച്ചു. ഇതുകൂടാതെ, ബൃഹത്തായ ബോധവത്ക്കരണ പരിപാടികൾ,

LIBRARY ARCHIVES Kerala Legislative Assembly

ബീഹേവിയറൽ ചെയ്ഞ്ച് ക്യാമ്പയിൽ, നവമാധ്യമങ്ങൾ, സാമൂഹിക ചാനലുകൾ എന്നിവ വഴിയുള്ള ബോധവൽക്കരണ സന്ദേശം പ്രദർശിപ്പിക്കൽ, പൊതുജനങ്ങൾക്ക് തങ്ങളുടെ ആശയങ്ങൾ പങ്കുവയ്ക്കാൻ അനുയോജ്യമായ വേദി ഒരുക്കൽ, പരസ്യപ്രചരണം, ലഹരി വിരുദ്ധ സന്ദേശമടങ്ങിയ ലഘുലേഖ വിതരണം, റിയാലിറ്റിഷോ ഉൾപ്പെടെയുള്ള വിവിധ ടെലിവിഷൻ പ്രോഗ്രാമുകൾ സംഘടിപ്പിക്കുക, ഇത്തരത്തിൽ സംഘടിപ്പിക്കുന്ന പരിപാടികളിൽ ജനശ്രദ്ധ ആകർഷിക്കാനായി ഗവൺമെന്റ് ബ്രാൻഡ് അംബാസിഡേഴ്സിന്റെ സജീവമായ പങ്കാളിത്തം ഉറപ്പ് വരുത്തുക, സാമൂഹിക സാംസ്കാരിക പ്രവർത്തകർ, ഡോക്ടർമാർ, എഴുത്തുകാർ എന്നിവരുടെ സഹായ സഹകരണം ഉറപ്പുവരുത്തുക, സർക്കാർ, സർക്കാരിതര സംഘടനകൾ NRHM, KSSM, NSS, NCC, Student Police Cadet (SPC) Youth Commission എന്നിവയുടെ പങ്കാളിത്തം ഉറപ്പ് വരുത്തിക്കൊണ്ടായിരിക്കും സുബോധം പദ്ധതി നടപ്പിലാക്കുക.

(ഡി) സുബോധം പദ്ധതിയുടെ പൂർണ്ണമായ നടത്തിപ്പിനും മേൽനോട്ടത്തിനുമായി 27-4-2015-ലെ ജി.ഒ. (എംഎസ്.) നമ്പർ 73/2015/നി.വ. നമ്പർ ഉത്തരവ് പ്രകാരം ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. ഉന്നതതല സമിതി/കമ്മിറ്റിയുടെ ഘടന ചുവടെ ചേർക്കുന്നു :

ബഹുമാനപ്പെട്ട മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി	ചെയർമാൻ
പ്രിൻസിപ്പൽ സെക്രട്ടറി, നികുതി വകുപ്പ്	വൈസ് ചെയർമാൻ
അഡീഷണൽ ചീഫ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്	മെമ്പർ
പ്രിൻസിപ്പൽ സെക്രട്ടറി, പൊതു വിദ്യാഭ്യാസ വകുപ്പ്	മെമ്പർ
സെക്രട്ടറി, ഉന്നത വിദ്യാഭ്യാസ വകുപ്പ്	മെമ്പർ
എക്സൈസ് കമ്മീഷണർ	മെമ്പർ
ഡി.ഐ.ജി. (In charge of SPC)	മെമ്പർ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ	മെമ്പർ
എല്ലാ ജില്ലാ കളക്ടർമാരും	മെമ്പർ
ഡയറക്ടർ, സുബോധം പദ്ധതി	കൺവീനർ

LIBRARY ARCHIVES Kerala Legislative Assembly